പതിമൂന്നാം കേരള നിയമസഭ

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 591** 9-2-2016 ൽ മറുപടിക്ക്

## കാസർഗോഡ് ജില്ലയിലെ പൊതുമേഖലാസ്ഥാപനങ്ങൾ

| ചോദ്യം<br>**ശ്രീ.കെ.കുഞ്ഞിരാമൻ(ഉദുമ)** | ഉത്തരം<br>**ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി**<br>(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) |
|---|---|
| (എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കാസർഗോഡ് ജില്ലയിൽ എത്ര പൊതുമേഖലാവ്യവസായ സ്ഥാപനങ്ങൾ അനുവദിച്ചിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ; | (എ) യും (ബി) യും കഴിഞ്ഞ സർക്കാരിൻെറ കാലത്ത് അനുവദിച്ച കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻെറ ഒരു യൂണിറ്റായ ഉദുമ ടെക്സ്റ്റൈൽ മിൽ കാസറഗോഡ് ജില്ലയിലാണ്. മില്ലിൽ ഇതുവരെ വാണിജ്യാടിസ്ഥാനത്തിൽ ഉൽപ്പാദനം ആരംഭിച്ചിട്ടില്ല. |
| (ബി) പ്രസ്തുത സ്ഥാപനങ്ങളിൽ വ്യാവസായികാടിസ്ഥാനത്തിൽ ഉൽപ്പാദനം ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ; | |
| (സി) പ്രസ്തുത സ്ഥാപനങ്ങളിൽ വ്യാവസായികാടിസ്ഥാനത്തിൽ ഉൽപ്പാദനം ആരംഭിക്കാത്തതു കാരണം കോടിക്കണക്കിനു രൂപയുടെ യന്ത്രസാമഗ്രികൾ തുരുമ്പ് എടുത്ത് പോകുന്ന അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന് കാരണക്കാർ ആരാണെന്ന് വിശദമാക്കാമോ; | (സി) നിയമനപ്രക്രിയയുടെ നിയമസാധുത ചോദ്യം ചെയ്തുകൊണ്ട് വിവിധ കേസുകൾ ബഹു.കേരളാ ഹൈക്കോടതിയുടെ പരിഗണനയിലായതുകൊണ്ട് ജീവനക്കാരെ നിയമിച്ച് പ്രവർത്തനം തുടങ്ങുവാൻ സാധിക്കാത്തതാണ് പ്രധാന കാരണം. |
| (ഡി) ഈ സർക്കാരിന്റെ കാലത്ത് കാസർഗോഡ് ജില്ലയിൽ പൊതുമേഖലയിൽ ഏതെങ്കിലും വ്യവസായ സ്ഥാപനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ? | (ഡി) ഈ സർക്കാരിൻെറ കാലത്ത് കാസറഗോഡ് ജില്ലയിൽ വ്യവസായ വകുപ്പിൻെറ അധീനതയിൽ പുതിയ പൊതുമേഖലാ സ്ഥാപനങ്ങൾ ആരംഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ